മംഗളം

www.Mangalam.com

Sunday, January 13, 2008

# മുളന്തുരുത്തി മാര്‍ത്തോമന്‍ ശതവത്സരാഘോഷം തുടങ്ങി



Source: *http://sor.cua.edu/ChMon/Cochin/MulanthuruthyMarthoman.html*

**മുളന്തുരുത്തി:** ഒന്‍പതു നൂറാണ്ടുകള്‍ പിന്നിട്ട മുളന്തുരുത്തി മാര്‍ത്തോമന്‍ പള്ളിയുടെ ഒരുവര്‍ഷം നീണ്ടുനില്‍ക്കുന്ന ശതവത്സരാഘോഷ പരിപാടികള്‍ക്ക് തുടക്കമായി. ഇന്നലെ വൈകിട്ട് പള്ളിയങ്കണത്തില്‍ നടന്ന പൊതുസമ്മേളനത്തില്‍ ജോസഫ് മാര്‍ത്തോമ മെത്രാപ്പോലീത്ത ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

ജോസഫ് മാര്‍ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. തുടര്‍ന്ന് ശ്രേഷ്ഠ കത്തോലിക്ക അബൂന്‍ മോര്‍ ബസേലിയോസ് തോമസ് പ്രഥമന്‍ ബാവയുടെ പൗരോഹിത്യ സുവര്‍ണ ജൂബിലി ആഘോഷങ്ങള്‍ ഫിഷറീസ് വകുപ്പ് മന്ത്രി എസ്. ശര്‍മ്മ ഉദ്ഘാടനം ചെയ്തു. ജൂബിലിയുടെ ഭാഗമായി നിര്‍മിക്കുന്ന ഡോക്യുമെന്ററിയുടെ സ്വിച്ചോണ്‍

കർമ്മം ഗതാഗത മന്ത്രി മാത്യു ടി. തോമസ് നിർവഹിച്ചു. ജൂബിലി ഭവനദാന പദ്ധതി പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. പള്ളി നവീകരണ പൂർത്തീകരണ സമർപ്പണം ശ്രേഷ്ഠ ബാവ നിർവഹിച്ചു. മെത്രാപ്പോലീത്തമാരായ അബ്രഹാം മോർ സേവേറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, മർക്കോസ് മോർ ക്രിസോസ്റ്ററമോസ്, മാത്യൂസ് മോർ തേവോദോസ്യോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്താനാസിയോസ്, കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി.




Source: http://sor.cua.edu/ChMon/Cochin/MulanthuruthyMarthoman.html

ആശംസകളർപ്പിച്ച് എം.എൽ.എമാരായ കെ. ബാബു, എം.എം. മോനായി, യു.ഡി.എഫ് കൺവീനർ പി.പി. തങ്കച്ചൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. കൊച്ചുകുഞ്ഞ്, സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ, സഭാ ട്രസ്ററി ജോർജ് മാത്യൂസ് തെക്കേതലയ്ക്കൽ, പി.സി മത്തായി പുറപ്പാടത്ത് എന്നിവർ പ്രസംഗിച്ചു. വൈകിട്ട് 3.30ന് നടന്ന കുടുംബ സംഗമറാലി ഇഞ്ചിമല കൂറിലോസ് നഗറിൽനിന്നും ആരംഭിച്ചു വടക്കേ കുരിശിങ്കൽനിന്നും ശ്രേഷ്ഠ ബാവയേയും മെത്രാപ്പോലീത്തമാരെയും സ്വീകരിച്ച് റാലിയോടൊപ്പം പള്ളിയിലെത്തി ചേർന്നു. പൊതുസമ്മേളനത്തെ തുടർന്ന് കുടുംബസംഗമ സമാപനവും സമ്മാനദാനവും നടന്നു.

---

**Mulanthuruthy Marthoman Church**

http://sor.cua.edu/ChMon/Cochin/MulanthuruthyMarthoman.html